പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3803

19.02.2013-ൽ മറുപടിക്ക്.

## നിരീക്ഷണ ക്യാമറകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ തിരക്കേറിയ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട് ; | : (എ) മോഡേണൈസേഷൻ ഫണ്ടിൽ നിന്നും 60 സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും ആയതിലേയ്ക്ക് 3,10,05,862/-രൂപ വിനിയോഗിച്ചിട്ടുമുണ്ട്. |
| (ബി) ഇങ്ങനെ സ്ഥാപിച്ച ക്യാമറകൾ പലതും പ്രവർത്തനരഹിതമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത്തരം ക്യാമറകൾ സ്ഥാപിക്കുന്നതിന് ഏതൊക്കെ കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ; | : (സി) കെൽട്രോണുമായിട്ടാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത്. |
| (ഡി) ഇത്തരം ക്യാമറകളിലൂടെ എന്തെല്ലാം നിയമലംഘനങ്ങളാണ് നിരീക്ഷിക്കുന്നത്; | : (ഡി) അമിത വേഗത, ഓവർടേക്കിംഗ്, ട്രാഫിക് സിഗ്നൽ ലംഘനങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ നിരീക്ഷിക്കാവുന്നതാണ്. |

(മറുപുറം)

| | |
|---|---|
| (ഇ) ഇത്തരം ക്യാമറകൾ സ്ഥാപിച്ചതിലൂടെ പിഴയിനത്തിൽ എത്ര രൂപയാണ് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | : (ഇ) ആകെ 88,50,300/- രൂപ പിഴയിനത്തിൽ ലഭിച്ചിട്ടുണ്ട്. ജില്ലതിരിച്ചുളള കണക്ക് ചുവടെ ചേർക്കുന്നു: |

| ജില്ല | പിഴ തുക |
|---|---|
| തിരുവനന്തപുരം സിറ്റി | 52,64,700 |
| കൊല്ലം സിറ്റി | 7,200 |
| എറണാകുളം സിറ്റി | 2,66,800 |
| എറണാകുളം റൂറൽ | 2,600 |
| പാലക്കാട് | 3,100 |
| കോഴിക്കോട് സിറ്റി | 33,05,900 |
| **ആകെ** | **88,50,300** |

സെക്ഷൻ ഓഫീസർ